തെളിവുകൾ നോക്കാം

وَجَزَاء سَيِّئَةٍ سَيِّئَةٌ مِّثْلُهَا فَمَنْ عَفَا وَأَصْلَحَ فَأَجْرُهُ عَلَى اللَّهِ إِنَّهُ لَا يُحِبُّ الظَّالِمِينَ . وَلَمَنِ انتَصَرَ بَعْدَ ظُلْمِهِ فَأُوْلَئِكَ مَا عَلَيْهِم مِّن سَبِيلٍ . إِنَّمَا السَّبِيلُ عَلَى الَّذِينَ يَظْلِمُونَ النَّاسَ وَيَبْغُونَ فِي الْأَرْضِ بِغَيْرِ الْحَقِّ أُوْلَئِكَ لَهُم عَذَابٌ أَلِيمٌ. وَلَمَن صَبَرَ وَغَفَرَ إِنَّ ذَلِكَ لَمِنْ عَزْمِ الْأُمُورِ (شورى ٤٠-٤٣)

ഒരു തിൻമയ്ക്കുള്ള പ്രതിഫലം അതുപോലുള്ള ഒരു തിൻമതന്നെയാകുന്നു. എന്നാൽ ആരെങ്കലും മാപ്പുനൽകുകയും രഞ്ജിപ്പുണ്ടാക്കുകയും ആണെങ്കിൽ അവന്നുള്ള പ്രതിഫലം അല്ലാഹുവിൻെറ ബാധ്യതയിലാകുന്നു. തീർച്ചയായും അവൻ അക്രമം പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല. താൻ മർദ്ദിക്കപ്പെട്ടതിന് ശേഷം വല്ലവനും രക്ഷാനടപടി സ്വീകരിക്കുന്ന പക്ഷം അത്തരക്കാർക്കെതിരിൽ (കുറ്റം ചുമത്താൻ) യാതൊരു മാർഗ്ഗവുമില്ല. ജനങ്ങളോട് അനീതി കാണിക്കുകയും ന്യായമില്ലാതെ ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവർക്കെതിരിൽ മാത്രമേ (കുറ്റം ചുമത്താൻ) മാർഗമുള്ളു. അത്തരക്കാർക്ക് തന്നെയാകുന്നു വേദനയേറിയ ശിക്ഷയുള്ളതും. വല്ലവനും ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽപെട്ടതാകുന്നു (ശൂറ-40-43).

1. തിൻമയുടെ പ്രതിഫലം തിൻമതന്നെ.
2. തിരിച്ചടിച്ചാൽ അടിക്കുന്നവനെ കുറ്റപ്പെടുത്താനാവില്ല. ഇതാണ് മേൽ ആയത്തിലെ പാഠം.

ഏറി വന്നാൽ മക്കയിൽ യുദ്ധം നിർബന്ധമുണ്ടായിരുന്നില്ല, അല്ലെങ്കിൽ പ്രതികരിക്കാതിരിക്കലാണ് നല്ലത് എന്നതിനപ്പുറം ആരെങ്കിലും പ്രതികൃയ ചെയ്താൽ അവനെ കുറ്റപ്പെടുത്തണമെന്നോ ശിക്ഷയ്ക്ക് പാത്രീഭൂതനാകുമെന്നോ മക്കയിൽ അവതരിച്ച സൂറത്തിലും കാണുന്നില്ല. തഫ്സീറുകൾ പരതിയാൽ ഈ ആയത്തുകളെ വളരെ വിശദമായി ചർച്ചചെയ്തിരിക്കുന്നത് കാണാം.

മക്കയിൽ യുദ്ധം നിർബന്ധമാക്കാതിരുന്നതിൻെറ കാരണം ഖുർആനിലോ ഹദീസിലോ പ്രതിപാതിച്ചിട്ടില്ല. എന്നാൽ മുഫസ്സിറുകൾ അതിൻെറ കാരണങ്ങളെക്കുറിച്ചു പഠിക്കാൻ ശ്രമിക്കുകയും വ്യത്യസ്ത വിക്ഷണങ്ങളിൽ എത്തിച്ചേർന്നിട്ടുമുണ്ട്. ഒരു മുഫസ്സിറുതന്നെ ഒന്നിലധികം നിരീക്ഷണങ്ങൾ നടത്തിയിരിക്കുന്നതും കാണാം. എന്നാൽ ഒരു മുഫസ്സിറും മക്കാ കാലഘട്ടവും മദീനാകാലഘട്ടവും ആയി വേർതിരിച്ചതായി കാണാൻ കഴിയുന്നില്ല. (ഇബ്ൻ കസീർ, സഅ്ദി, ഖുർതുബി, ഥബ്രി, ബഹ്റുൽ മുഹീത് തുടങ്ങിയ തഫ്സീറുകളൊക്കെ നോക്കി. അവിടെയൊന്നും കാണാൻ കഴിഞ്ഞിട്ടില്ല. ഒരിടത്തും കാണുകയുമില്ലെന്നു ഞാൻ ഉറപ്പിക്കുന്നു. അതവാ ഉണ്ടെങ്കിൽ അങ്ങനെയുണ്ടെന്ന് വാദിക്കുന്നവർതന്നെ ഹാജരാക്കണം.

കാലഘട്ടം തിരിച്ചാണ് ഇസ്ലാമിക വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതെന്ന കണ്ടെത്തൽ അത്ര നിസാരമായി കാണേണ്ട ഒരു വിഷയമല്ലല്ലോ. ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കാൻ പോന്നതും ഇസ്ലാമിൻെറ അസ്ഥിത്വം തന്നെ പൊളിച്ചുകളയാൻ സാധ്യതയുള്ളതുമായ (800 വർഷം ഇസ്ലാമികഭരണം നടന്ന സ്പെയിനിൽ സംഭവിച്ചതുപോലെ) ഒരു വിഷയമാണത്. അത്തരം ഒരു അടിസ്ഥാനപരമായ നിയമത്തെ പടച്ചവനും പ്രവാചകനും അലസമായി കൈകാര്യം ചെയ്തുവെന്നു കരുതാൻ വിശ്വാസികൾക്ക് സാധ്യമല്ല. അല്ലെങ്കിൽ ഖുർആനിലോ ഹദീസിലോ ഇത്തരം ഒരു കാലഘട്ടഗണനയെക്കുറിച്ച് ഒരു ചെറിയ സൂചനയെങ്കിലും നൽകേണ്ടിയിരുന്നില്ലോ?

أَلَمْ تَرَ إِلَى الَّذِينَ قِيلَ لَهُمْ كُفُّواْ أَيْدِيَكُمْ وَأَقِيمُواْ الصَّلاَةَ وَآتُواْ الزَّكَاةَ فَلَمَّا كُتِبَ عَلَيْهِمُ الْقِتَالُ إِذَا فَرِيقٌ مِّنْهُمْ يَخْشَوْنَ النَّاسَ كَخَشْيَةِ اللّهِ أَوْ أَشَدَّ خَشْيَةً وَقَالُواْ رَبَّنَا لِمَ كَتَبْتَ عَلَيْنَا الْقِتَالَ لَوْلا أَخَّرْتَنَا إِلَى أَجَلٍ قَرِيبٍ قُلْ مَتَاعُ الدُّنْيَا قَلِيلٌ وَالآخِرَةُ خَيْرٌ لِّمَنِ اتَّقَى وَلاَ تُظْلَمُونَ فَتِيلاً (سورة النساء-٧٧)

(യുദ്ധത്തിനുപോകാതെ) നിങ്ങൾ കൈകൾ അടക്കിവെക്കുകയും, പ്രാർത്ഥന മുറപോലെ നിർവ്വഹിക്കുകയും, സകാത്ത് നൽകുകയും ചെയ്യുവിൻ എന്ന് നിർദേശിക്കപ്പെട്ടിരുന്ന ഒരു കൂട്ടരെ നീ കണ്ടില്ലെ? പിന്നീടവർക്ക് യുദ്ധം നിർബന്ധമായി നിശ്ചയിക്കപ്പെട്ടപ്പോൾ അവരിൽ ഒരു വിഭാഗമതാ അല്ലാഹുവെ ഭയപ്പെടും പോലെയോ, അതിനേക്കാൾ ശക്തമായ നിലയിലോ ജനങ്ങളെ ഭയപ്പെടുന്നു. ഞങ്ങളുടെ രക്ഷിതാവെ നീയെന്തിനാണ് ഞങ്ങൾക്ക് യുദ്ധം നിർബന്ധമാക്കിയത് അടുത്ത ഒരവധിവരെയെങ്കിലും ഞങ്ങൾക്ക് സമയം നീട്ടിത്തന്നുകൂടായിരുന്നോ? എന്നാണ് അവർ പറഞ്ഞത്. പറയുക ഇഹലോകത്തെ സുഖാനുഭൂതി വളരെ

ചെറുതാണ്. പരലോകമാണ് സൂഷ്മത പാലിക്കുന്നവർക്ക് ഏറ്റവും ഉത്തമം. നിങ്ങളോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുകയുമില്ല (അന്നിസാഅ്-77)

മേൽവിവരിക്കപ്പെട്ട ആയത്തിന്റെ ആദ്യഭാഗം ചൂണ്ടിക്കാട്ടിയാണ് പ്രതിയോഗികൾ മക്കയിൽ യുദ്ധം നിഷിദ്ധമായിരുന്നുവെന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നത്.

ഈ ആയത്തിന്റെ ഏതു വരിയിൽനിന്നാണ് മക്കയാകുന്ന കാലഘട്ടത്തിലായിരുന്നതുകൊണ്ട് യുദ്ധം നിഷിദ്ധമായിരുന്നുവെന്ന് നാം മനസ്സിലാക്കേണ്ടത്? സൂക്തത്തിന്റെ ആദ്യ പകുതിയിലോ അവസാന പകുതിയിലോ കാലഘട്ടം തിരിച്ച് യുദ്ധം ചെയ്യുകയോ ചെയ്യാതിരിക്കുകയോ എന്ന ഒരു സൂചനയും കാണുന്നില്ല. പിന്നെയെന്താണ് സന്ദേശം? ഇതുവരെ നിങ്ങളോട് യുദ്ധം ചെയ്യേണ്ടെന്നാണ് പറഞ്ഞിരുന്നത്. ഇനിയും അതു പോരാ നിങ്ങൾ യുദ്ധം ചെയ്തു തുടങ്ങണം. ഇതത്രെ...

മേൽ സൂക്തത്തിൽ അല്ലാഹു തആല സ്വീകരിച്ച ഒരു രീതി; വിലക്കിയ ഒന്നിനെ മറ്റൊരു സമയത്ത് നിർബന്ധമാക്കുകയെന്നതാണ്. സമാനമായ പലതും നമുക്ക് ഖുർആനിലും ഹദീസിലും കാണാൻ കഴിയും.

حدثنا أحمد بن يونس، ثنا مُعَرف بن واصل، عن محارب بن دثار، عن ابن بريدة، عن أبيه قال: قال رسول اللّه صلى اللّه عليه وسلم: "نهيتكم عن زيارة القبور فزوروها، فإنَّ في زيارتها تذكرةً" -أبوداود.

നബി (സ) പറയുന്നു; സ്മശാന സന്ദർശനങ്ങളിൽ നിന്നും ഞാൻ നിങ്ങളെ വിലക്കിയിരുന്നു. ഇനിയും നിങ്ങൾ സ്മശാന സന്ദർശനം നിർവ്വഹിച്ചുകൊള്ളുക. കാരണം തീർച്ചയായും സ്മശാനസന്ദർശനം പരലോകസ്മരണയുണ്ടാക്കുന്നതാണ് - ഹദീസ് - അബൂദാവൂദ്.

നിലപാടിൽ മേൽ ആയത്തും ഹദീസും തുല്യ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. തുടക്കത്തിൽ നിരോധനം. പിന്നെ കൽപ്പന. നിരോധനമുള്ളത് ചെയ്യാതിരിക്കേണ്ടതും കൽപന വന്നാൽ ചെയ്യേണ്ടതും മുസ്ലിം സമുദായത്തിന് ബാധ്യതയാണ്. വിരോധാഭാസം ഇതാണ്: ഒരിടത്ത് കാലഘട്ടത്തെ ഗണിച്ചെടുക്കുന്നു. അടുത്ത സ്ഥലത്ത് അങ്ങനെയൊരു ഗണനയില്ല. കാലഘട്ടഗണനയ്ക്ക് പിൻബലമേകുന്ന ഒരു തെളിവും മേൽ ആയത്ത് തരുന്നില്ലെന്നുള്ളതാണ് വസ്തുത.

പകലതയും പാകതയും ഇല്ലാതിരുന്ന സമയം ഖബ്ർ സിയാറത്ത് നിരോധിച്ചു. പകലതയും പാകതയും ആർജ്ജിച്ച സമയത്ത് നിരോധനം പിൻവലിക്കുകയും സ്മശാന സന്ദർശനം അനുവദിക്കുകയും ചെയ്തു. അതുതന്നെയാണ് യുദ്ധത്തെക്കുറിച്ചുപറയുന്ന മേൽ ആയത്തിൽ അല്ലാഹുവും സ്വീകരിച്ചിരിക്കുന്നത്. കഴിവില്ലാതിരുന്ന ഒരു സമയത്ത് ചെയ്യേണ്ടെന്നു പറയുകയും കഴിവും പ്രാപ്തിയും ഉണ്ടായ സമയത്ത് ചെയ്യുകയെന്ന് ആജ്ഞാപിക്കുകയും ചെയ്തു. അതിന് രാഷ്ട്രം എന്ന വ്യവസ്ഥ ഖുർആനിലോ ഹദീസിലോ ഒരിടത്തും പറഞ്ഞിട്ടില്ല.

ഈ സൂക്തവും, ഷൂറ അധ്യായത്തിലെ 40-43 വരെയുള്ള സൂക്തങ്ങളും കൂട്ടിവായിച്ചാൽ കിട്ടുന്ന ആകെത്തുക; നിങ്ങൾ അങ്ങോട്ടുകയറി യുദ്ധം ചെയ്യേണ്ടതില്ല, അഥവാ ഇങ്ങോട്ട് ആക്രമണം നടത്തിയാൽ വെറുതെ വിടണമെന്നും നിർബന്ധമില്ല - എന്ന മഹത്തായ പോളിസിയായിരുന്നു മക്കയിൽവെച്ചുപോലും അല്ലാഹു നൽകുന്നതെന്ന് മനസ്സിലാക്കാൻ കഴിയുന്നു.

അല്ലാഹു റബ്ബുൽ ഇസ്സത്ത് കഴിയാത്ത ഒന്നിനെ ചെയ്യാൻ ആവശ്യപ്പെടുകയില്ല. **(لا يكلف الله نفسا إلا وسعها** - കഴിവിനനുസൃതമല്ലാതെ അല്ലാഹു ആരെയും നിർബന്ധിക്കുകയില്ല). മക്കയിൽ ആവശ്യത്തിനുള്ള കഴിവും പ്രാപ്തിയും ഉണ്ടായിരുന്നില്ല. അതുകൊണ്ട് മക്കയിൽ യുദ്ധം ചെയ്യാൻ ആജ്ഞാപിച്ചില്ല. എന്നാൽ യുദ്ധം ചെയ്യാൻ കഴിവും പ്രാപ്തിയും സംജാതമായപ്പോൾ യുദ്ധം ചെയ്യാൻ പറയുകയും അത് ചെയ്യാൻ വൈമുഖ്യം കാണിച്ചവരെ ആക്ഷേപിക്കുകയുമാണ് അല്ലാഹു മേൽ ആയത്തിൽ കൂടി ചെയ്തിരിക്കുന്നത്.

മേൽ ആയത്തിനെക്കുറിച്ചു ഖുർആൻ വ്യാഖ്യാതാക്കൾ നടത്തിയ പരാമർശങ്ങൾ നമുക്ക് വിലയിരുത്താം.

حدثنا بشر بن معاذ قال، حدثنا يزيد قال، حدثنا سعيد، عن قتادة قوله: " ألم تر إلى الذين قيل لهم كفوا أيديكم وأقيموا الصلاة "، فقرأ حتى بلغ: " إلى أجل قريب "، قال: كان أناس من أصحاب رسول الله صلى الله عليه وسلم، وهو يومئذ

بمكة قبل الهجرة، تسرَّعوا إلى القتال، فقالوا لنبي الله صلى الله عليه وسلم: ذَرْنا نتَّخذ مَعَاول فنقاتل بها المشركين بمكة! فنهاهم نبي الله صلى الله عليه وسلم عن ذلك، قال: لم أؤمر بذلك. فلما كانت الهجرة، وأمر بالقتال، كره القوم ذلك، فصنعوا فيه ما تسمعون

സൂറത്തുന്നിസാഅ് 77-ാം ആയത്തിന്റെ അവതരണത്തെക്കുറിച്ച് പറയുന്നു. ഹിജ്റയ്ക്കുമുമ്പ് മക്കയിൽവെച്ച് റസൂലുള്ളയുടെ ചില അനുചരൻമാർ യുദ്ധം ചെയ്യാൻ ധൃതി കാണിക്കുന്നവരായിരുന്നു. അവർ നബിയോട് പറഞ്ഞു ഞങ്ങൾക്ക് അനുവാദം തന്നാൽ ഞങ്ങൾ മക്കയിൽ മുഷ്രിക്കുകളോട് യുദ്ധം ചെയ്യാം. അപ്പോൾ നബി (സ) അവരെ തടഞ്ഞു നിർത്തുകയായിരുന്നു. കാരണമായി പ്രവാചകൻ പറഞ്ഞു; **لم أؤمر بذلك** യുദ്ധം ചെയ്യാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിട്ടില. ഹിജ്റ ചെയ്യുകയും യുദ്ധം ചെയ്യാൻ ആജ്ഞാപിക്കപ്പെടുകയും ചെയ്തപ്പോൾ ആ ജനങ്ങൾ യുദ്ധം ചെയ്യുന്നതിന് വൈമുഖ്യം കാണിച്ചു. മേൽ ആയത്തിൽ വിവരിച്ചതൊക്കെ അവർ പ്രവാചകനോട് പറഞ്ഞു.

"യുദ്ധം ചെയ്യാൻ ആജ്ഞാപിക്കപ്പെട്ടിട്ടില്ല" എന്ന മറുപടിയാണ് ഇത്തരുണത്തിൽ പ്രവാചകൻ നൽകിയത്. അല്ലാഹുവിന്റെ ആജ്ഞാനുവർത്തിയായ പ്രവാചകൻ അവന്റെ കൽപനയ്ക്ക് കാതോർക്കുകയായിരുന്നു. മക്കയായതുകൊണ്ടാണ് യുദ്ധം നിഷിദ്ധമായതെങ്കിൽ വളരെപ്പെട്ടെന്ന് പ്രവാചകന് പറയാമായിരുന്നു സഹാബാക്കളെ ഇത് മക്കാ കാലഘട്ടമാണ്, ഇവിടെ നമുക്ക് യുദ്ധം ചെയ്യാൻ സാധ്യമല്ല. ഒരു രാഷ്ട്രമുണ്ടാകുന്നതുവരെ കാത്തിരിക്കുക എന്ന്. അങ്ങിനെ മക്കയിൽവെച്ചോ മദീനയിൽവെച്ചോ പ്രവാചകൻ പറഞ്ഞതിന് യാതൊരു തെളിവും സൂചനയും ആരും അവതരിപ്പിച്ചിട്ടില്ല. ഖുർആനിലും കഴിയുന്ത്ര പരതിനോക്കിയിട്ട് കാലഘട്ടഗണനയിൽ വേണം ഇസ്ലാമികനിയമങ്ങൾ നടപ്പിലാക്കാൻ എന്ന് കാണുന്നില്ല.

മക്കയിൽ നിർബന്ധമാക്കാതെ മദീനയിലാണ് നിർബന്ധമാക്കിയത് എന്നതുകൊണ്ടുമാത്രം അന്ത്യനാൾ വരെ വരുന്ന മുസ്ലിം സമുദായം മക്കാ കാലഘട്ടവും മദീനകാലഘട്ടവും നിർണ്ണയിച്ചുവേണം ഇസ്ലാം കാര്യങ്ങൾ നടപ്പിൽ വരുത്താനെന്ന് ഖുർആനും പ്രവാചകനും പറയുന്നില്ല. അഥവാ അങ്ങനെയെന്തെങ്കിലും സൂചനയുണ്ടെങ്കിൽ അത് കൊണ്ടുവരേണ്ടത് ആ വാദമുള്ളവരാണ്.

മേൽപറയപ്പെട്ട ആയത്തിന്റെ വിശദീകരണം വ്യത്യസ്ത തഫ്സീറുകളിൽ പരിശോധിച്ചു. ഖുർആൻ വ്യാഖ്യാതാക്കൾ വ്യത്യസ്ത കാരണങ്ങളാണ് പറയുന്നത്. എന്നാൽ അവരാരും മക്കയും മദീനയുമായി കീറിമുറിച്ചുകൊണ്ട് ഫത്വകൊടുത്തിട്ടില്ല. ഒരാൾതന്നെ ഒന്നിലധികം കാരണം അവതരിപ്പിച്ചതിലൂടെ അവർക്കുപോലും കാരണത്തിന്റെ വിഷയത്തിൽ ഒരു ഉറച്ച തീരുമാനമില്ലെന്ന് വ്യക്തമാകുന്നു.

പക്ഷെ പാണ്ഡിത്യത്തിന്റെ പൊങ്ങച്ചം നടിക്കുന്നവർ താഴെ പറയാൻ പോകുന്ന ചില പണ്ഡിതൻമാരുടെ തഫ്സീറിലെതന്നെ ചില ഭാഗങ്ങൾ എഴുതിയതിനു ശേഷം അതിന് സ്വന്തം വകയായി മറ്റൊരു വിശദീകരണവും കൂടി "നിർമ്മിച്ചിട്ട്" പ്രഖ്യാപിക്കുന്നു; ഇതാ ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു മക്കാ കാലഘട്ടത്തിൽ യുദ്ധം ചെയ്യാൻ പാടില്ലെന്ന്!!! അന്ത്യനാൾ വരെ വരുന്ന ജനങ്ങൾ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽനിന്നും കാലഘട്ടശാസ്ത്രത്തിൽ ബിരുധം എടുക്കുകയും അതനുസരിച്ച് കാലഗണനടത്തുകയും ചെയ്യണമെന്നുകൂടി ഇത്തരം ഏതെങ്കിലും മറിമായത്തിൽകൂടി ഇവർ സമർത്ഥിക്കേണ്ടതായിരുന്നു.

പ്രശസ്ത ഖുർആൻ വ്യാഖ്യാതാവായ ഇബ്നുകസീർ തന്റെ കാഴ്ചപ്പാട് വിശദീകരിക്കുന്നത് കാണുക.

كان المؤمنون في ابتداء الإسلام -وهم بمكة- مأمورين بالصلاة والزكاة وإن لم تكن ذات النُّصُب، لكن كانوا مأمورين بمواساة الفقراء منهم، وكانوا مأمورين بالصفح والعفو عن المشركين والصبر إلى حين، وكانوا يتحرقون ويودون لو أمروا بالقتال ليشتفوا من أعدائهم، ولم يكن الحال إذ ذاك مناسبا لأسباب كثيرة، منها: قلة عددهم بالنسبة إلى كثرة عدد عدوهم، ومنها كونهم كانوا في بلدهم وهو بلد حرام وأشرف بقاع الأرض، فلم يكن الأمر بالقتال فيه ابتداء لائقا. فلهذا لم يؤمر بالجهاد إلا بالمدينة، لما صارت لهم دار ومنعة وأنصار

ഇസ്ലാമിന്റെ പ്രാരംഭത്തിൽ മക്കയിൽവെച്ച് നമസ്കരിക്കാനും, നിർബന്ധമല്ലാത്ത ദാനധർമ്മം നൽകാനും (ഫർളായ സക്കാത്ത് മദീനയിലാണ് നിർബന്ധമാക്കിയത്) ഒരു നിശ്ചിത സമയം വരെ മുഷ്രിക്കുകളോട്

ക്ഷമിക്കാനും സഹിക്കാനും വിശ്വാസികൾ ആജ്ഞാപിക്കപ്പെട്ടിരുന്നു. എന്നാൽ തങ്ങളുടെ ശത്രുക്കളിൽനിന്നുള്ള ഉപദ്രവം അസഹനീയമായ സന്ദർഭത്തിൽ, മുഷ്‌രിക്കുകളോട് യുദ്ധം ചെയ്യാനുള്ള കൽപന കിട്ടിയിരുന്നുവെങ്കിൽ എന്ന് അവർ ആഗ്രഹിക്കുകയും അവരുടെ ഹൃദയങ്ങൾ അതിനുവേണ്ടി കത്തിജ്വലിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ സാഹചര്യം പല കാരണങ്ങളാൽ അനുയോജ്യമായിരുന്നില്ല. അവയിൽപെട്ടതാണ് (1) ശത്രുക്കളിലേയ്ക്കു നോക്കുമ്പോൾ മുസ്‌ലീങ്ങൾ അംഗുലീപരിമിതമായിരുന്നു. മറ്റൊന്നാണ് (2) അവർ ഏറ്റവും ഉത്കൃഷ്ടവും പരിപാവനവുമായ ഒരു സ്ഥലത്ത് ആയിരുന്നുവെന്നത്. അതുകൊണ്ട് അവിടെ യുദ്ധം തങ്ങൾ മുൻകൈ എടുത്തു തുടങ്ങാൻ പാടില്ലായിരുന്നു. ഇക്കാരണത്താൽ മദീനയിൽ ചെന്നതിനു ശേഷം അവർക്ക് ഒരു രാഷ്ട്രവും, ശക്തിയും സഹായികളും ഉണ്ടായപ്പോൾ അല്ലാഹു അവരുടെമേൽ **ജിഹാദ്** നിർബന്ധമാക്കപ്പെട്ടു.

1. ശത്രുക്കളുടെ എണ്ണത്തിനനുസരിച്ച് വിശ്വാസികളുടെ അംഗബലം നന്നേ കുറവായിരുന്നു.
2. അവർ ജീവിച്ചിരുന്നത് ഭൂമിയിൽവെച്ച് ഏറ്റവും ഉത്കൃഷ്ടമായതും പവിത്രമായതുമായ സ്ഥലത്തായിരുന്നു. അതുകൊണ്ട് മക്കയിൽ വിശ്വാസികളുടെ ഭാഗത്തുനിന്നും യുദ്ധം തുടങ്ങിവെയ്ക്കൽ അനുയോജ്യമായിരുന്നുല്ല (അഥവാ അവർ തുടങ്ങിവെച്ചാൽ തിരിച്ചാകാം).

<u>അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ</u>

അദ്ദേഹം ഒരിടത്തും കാലംകൊണ്ട് ഇസ്‌ലാമിന് മിനുക്കുപണി ചെയ്തില്ല.

1. മക്ക ഉൽകൃഷ്ടവും പവിത്രവും ആയതിനാൽ അവിടെ വിശ്വാസികളുടെ ഭാഗത്തുനിന്നും യുദ്ധം തുടങ്ങിവെക്കുന്നത് ശരിയല്ല. അഥവാ ശത്രുക്കൾ തുടങ്ങിവെച്ചാൽ അതിനെ പ്രതികരിക്കുന്നതിന് തടസമില്ലെന്നർത്ഥം. ഈ അഭിപ്രായത്തിന് പിൻബലം നൽകുന്നതാണ് **"ശൂറയിലെ 40-43"** ആയത്തുകളും **"ബഖറയിലെ 192"** ആയത്തും.

2. അദ്ദേഹത്തിന്റെ വിശദീകരണത്തിൽ ഒരിടത്തും ഖിയാമത്തുനാൾവരെ ദീനിന്റെ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് കാലഗണനാ അടിസ്ഥാനത്തിലാണെന്ന് പറയുകയോ ഇസ്‌ലാമിനെ രണ്ടായി കീറി മുറിക്കുകയോ ചെയ്തിട്ടില്ല.

3. മക്കയിൽ പല കാരണങ്ങളാൽ യുദ്ധം അനുവദിച്ചില്ല. അനുയോജ്യമായ സമയം വന്നപ്പോൾ അനുവദിച്ചു. ഇതിനപ്പുറമുള്ള ഏതെങ്കിലും നിയമം അദ്ദേഹത്തിന്റെ വിശദീകരണത്തിൽനിന്നും രൂപപ്പെടുന്നതായി കാണുന്നില്ല. അതായത് അന്ത്യനാൾ വരെ വരുന്ന മുസ്‌ലീങ്ങൾ മക്കയും മദീനയും അടിസ്ഥാനമാക്കി വേണം ജീവിക്കാൻ എന്ന് ഒരു രീതിയിലും അദ്ദേഹം അവകാശപ്പെടുന്നില്ല. അങ്ങനെ ഒന്ന് നമ്മുടെ ബാലിശബുദ്ധിയുപയോഗിച്ച് ഊഹിച്ചെടുക്കാനുള്ള പരാമർശങ്ങളും അദ്ദേഹം നടത്തിയിട്ടില്ല.

4. **താൻ ഇങ്ങനെ നിരീക്ഷിച്ചാൽ അനേകം ആയത്തുകളിലൂടെ അനുവദിക്കുകയും നിർബന്ധിക്കുകയും ചെയ്ത ഒരു മഹത്കർമ്മത്തെ അസ്ഥിരപ്പെടുത്തിക്കളയാമെന്ന വ്യാമോഹവും ഇബ്ന് കസീറിന് ഉണ്ടായതായി തെളിയിക്കാൻ കഴിയില്ല.**

അവസാനിക്കുന്നില്ല...